ഐസിഡിഎസ് ബി1/1092/20

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0471-2346508
ഈ-മെയിൽ- directorate.wcd@kerala.gov.in
തീയതി : 20.03.2020

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ;

വിഷയം : വനിത ശിശു വികസന വകുപ്പ്- ഐസിഡിഎസ്- 2019- 20 വർഷത്തിൽ അങ്കണവാടി തലത്തിൽ ഐ.ഇ.സി പ്രവർത്തകർക്കായുള്ള – ഫണ്ട് അനുവദിച്ചത്- സറണ്ടർ ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന :
1) ഈ കാര്യാലയത്തിലെ 3.3.2020 ലെ ഇതേ നമ്പർ ഉത്തരവ്
2) ഈ കാര്യലയത്തിലെ 10.03.2020 ലെ ഐസിഡഎസ് ബി6-4509/20 നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 സാമ്പത്തിക വർഷം ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി സൂചന(1) പ്രകാരം ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട അതീവ ഗുരുതര സാഹചര്യം നലനിൽക്കുന്നതിനാൽ ഐ.ഇ.സി പ്രവർത്തനം നടത്തുന്നതിന് സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഐ.ഇ.സി ഫണ്ട് യഥാസമയം കൈകാര്യം ചെയ്യാത്ത പക്ഷം ആയത് നഷ്ടപ്പെട്ടുവാനും സാധ്യതയുണ്ട്. ആയതിനാൽ 2019-20 വർഷം ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി പ്രോഗ്രാം ഓഫീസർ മുഖാന്തിരം സിഡിപിഒമാർക്ക് അനുവദിച്ച ഫണ്ട് ലാപ്സായി പോകാതിരിക്കുന്നതിനായി ആയത്

പൂർണ്ണമായും പ്രോഗ്രാം ഓഫീസർമാർ തിരികെ വാങ്ങി അതെ ശീർഷകത്തിൽ അടിയന്തിരമായി സറണ്ടർ ചെയ്യുന്നതിന് നിർദ്ദേശിക്കുന്നു. ടി ഫണ്ട് 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിന് അനുവദിക്കുന്നതാണ്. അനുവദിച്ച ഫണ്ട് പൂർണമായും സറണ്ടർ ചെയ്ത വിവരം 21.03.2020 ന് 3 മണിക്ക് മുൻപായി ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി